LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ശിവകുമാർ : സർ, എം.എൽ.എ.-മാരുടെ മീറ്റിംഗ് കൂടുമ്പോൾ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുകയെന്നതാണ് നമ്മൾ ഉദ്ദേശിക്കുന്നത്. എം.എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുമ്പോൾ സ്വാഭാവികമായും ഈ കാര്യങ്ങൾ ഉയർന്നുവരും. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഘട്ടംഘട്ടമായി പോസ്റ്റ് ക്രിയേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. നാലായിരത്തോളം പോസ്റ്റ് ക്രിയേറ്റ് ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ കോളേജുകളിൽ ആയിരത്തോളം പോസ്റ്റുകളാണ് ക്രിയേറ്റ് ചെയ്തത്. പത്ത് പോസ്റ്റ് ആരോഗ്യ വകുപ്പിന് കിട്ടുന്നത് ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം നല്ല കാര്യമാണ്. അതിനെ എപ്പോഴും ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്തായാലും പോസ്റ്റ് ക്രിയേഷൻ നടത്തിയതിന് ശേഷം കെട്ടിടം നിർമ്മിക്കണമെന്ന് ആരോഗ്യ വകുപ്പ് പറഞ്ഞിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കും. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ എം.എൽ. എ.-മാരുടെയും എം.പി.-മാരുടെയും സഹായമുണ്ടായിട്ടുണ്ട്. അതുകൊണ്ട് കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യത്തിലായാലും മറ്റ് കാര്യത്തിലായാലും ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നുള്ള എല്ലാവിധ പിന്തുണയും സഹകരണവും ഉണ്ടാകും.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തൊഴിൽ നിയമഭേദഗതി ബിൽ

3 (*63) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എളമരം കരീം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള തൊഴിൽ നിയമഭേദഗതികളിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) നിർദ്ദിഷ്ട തൊഴിൽ നിയമഭേദഗതി ബിൽ പാർലമെന്റിൽ പാസ്സാക്കുന്നതിനുമുമ്പ് അതിലെ വ്യവസ്ഥകൾ പരിശോധിച്ച് അവയോടുള്ള സംസ്ഥാന നിലപാട് കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ ;

(സി) തൊഴിൽ നിയമഭേദഗതി ബിൽ നിയമമായാൽ തൊഴിൽ രംഗത്ത് ഏതെങ്കിലും തരത്തിലുള്ള പ്രത്യാഘാതം ഉണ്ടാകുമോ എന്ന് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) നിയമഭേദഗതി സംബന്ധിച്ച വിഷയങ്ങൾ ഇതിനകം പരിശോധിച്ചിട്ടുണ്ട്.

1. സ്ഥാപനത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ഫയൽ ചെയ്യേണ്ട റിട്ടേണുകൾ എന്നിവ നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള 9 നിയമങ്ങൾക്ക് പുറമേ 7 നിയമങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.
2. 'സ്മോൾ എസ്റ്റാബ്ലിഷ്മെന്റ്' എന്ന നിർവചനത്തിൽ 10 മുതൽ 19 വരെ തൊഴിലാളികൾ എന്നതിന് പകരം 10 മുതൽ 40 വരെ തൊഴിലാളികൾ എന്നും 'വെരിസ്മോൾ എസ്റ്റാബ്ലിഷ്മെന്റ്' എന്നത് ഒമ്പതോ അതിൽ താഴെയോ തൊഴിലാളികൾ എന്നും നിർവചിച്ചിട്ടുണ്ട്.
3. സ്മോൾ എസ്റ്റാബ്ലിഷ്മെന്റ് എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ നിലവിൽ സൂക്ഷിക്കേണ്ട 3 രജിസ്റ്ററുകൾക്ക് പകരം 2 രജിസ്റ്ററുകൾ എന്നും ശിപാർശ ചെയ്തിട്ടുണ്ട്.
4. രജിസ്റ്ററുകളും റിക്കോർഡുകളും ഇലക്ട്രോണിക് മാധ്യമത്തിൽ സൂക്ഷിക്കുന്നതിനും ആയത് ഇ-മെയിൽ ആയി സമർപ്പിക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.

(ബി&സി) സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

4 (*64) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) അട്ടപ്പാടിയിലെ ശിശുമരണങ്ങൾ ആവർത്തിക്കാതിരിക്കാൻ ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly